"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് ധനസഹായം 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ.(സാധാ) നം.672/2026/F&P തീയതി,തിരുവനന്തപുരം, 18-11-2026

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 22.03.2026-ലെ DFTVM/567/2026-N3 നമ്പർ കത്ത്.

ഉത്തരവ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന തുടർപദ്ധതിയാണ് മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി. 2026-27-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ഗ്രൂപ്പ് അപകട ഇൻഷുറൻസ് പരിരക്ഷ നിലവിലുള്ള 10 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും, ഇതിനാവശ്യമായ തുക 2405-00-121-92(P), 2405-00-121-96(P) എന്നീ ശീർഷകങ്ങളിൽ നിന്നും അനുവദിക്കുന്നതിനും ആവശ്യപ്പെട്ട് പരാമർശം പ്രകാരം ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ഗ്രൂപ്പ് അപകട ഇൻഷുറൻസ് ധനസഹായം നിലവിലുള്ള 10 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായി ഉയർത്തുന്നതിന്റെ ആദ്യഘട്ടമായി, പ്രസ്തുത ഇൻഷുറൻസ് ധനസഹായം 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രശേഖർ എസ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ(വനിതാ-ശിശു ക്ഷേമം) വകുപ്പ് (13.11.2026 ലെ 3467873/WCD-2/125/2026-FIN നമ്പർ കുറിപ്പ് പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.സി3/20/2026/മതുവ.)

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha Shiju
Date: 18-11-2026
18:50:13

സെക്ഷൻ ഓഫീസർ